# വിശ്വാസ നിരാസത്തിന്റെ വ്യാകുലതകൾ

ശൈഖ് മുഹമ്മദ് കാരകുന്ന്

**കേരളം** കണ്ട ദൈവനിഷേധികളിൽ പ്രമുഖനാണ് പവനൻ. യുക്തിവാദി സംഘത്തിന്റെ നേതാവായിരുന്ന അദ്ദേഹത്തിന്റെ ഭാര്യയാണ് പാർവതി പവനൻ എഴുതിയ ആത്മകഥയാണ് *പവനപർവം.* ഓർമ നഷ്ടപ്പെട്ട് കൊല്ലങ്ങളോളം ജീവിച്ച പവനനോടൊന്നിച്ചു കഴിഞ്ഞ നാളുകളിലെ ഹൃദയവേദന വായനക്കാരിൽ നൊമ്പരമുണർത്തും വിധമാണ് ആത്മകഥയിൽ വിവരിക്കുന്നത്. ഇപ്പോൾ പവനന്റെ വിയോഗം സൃഷ്ടിച്ച ഏകാന്തതയിൽ അവരനുഭവിക്കുന്ന ആകുലതകളും സന്ദേഹങ്ങളും വായനക്കാരുമായി പങ്കുവെച്ചിരിക്കുന്നു ('ഉണരാത്ത ഉറക്കത്തെക്കുറിച്ച് ചില വിചാരങ്ങൾ' *മാധ്യമം* ആഴ്ചപ്പതിപ്പ് 2007 ആഗസ്റ്റ് 10). അതിലൂടെ കടന്നുപോകുന്ന ഏവർക്കും അവരനുഭവിക്കുന്ന അന്തഃസംഘർഷത്തിന്റെ ആഴം ബോധ്യമാകും. അവരെഴുതുന്നു: 'ഞാനേറെ സ്നേഹിച്ചവർ, എന്നെ ഏറെ സ്നേഹിച്ചവർ എല്ലാം ഇട്ടെറിഞ്ഞു പോയപ്പോൾ ജീവിതത്തെയും മരണത്തെയും കുറിച്ച് കുറച്ചൊക്കെ പഠിക്കാൻ എന്നെ പ്രേരിപ്പിക്കുന്നു. മരിച്ചവർ ഒരുത്തരും സ്വപ്നത്തിൽ പോലും എന്റെ അടുത്തെത്തുന്നില്ല. മരിച്ചുകഴിഞ്ഞാൽ ഒരു ശൂന്യതയിലെത്തുമെന്ന നിഗമനത്തിലാണ് ഞാനിന്ന്. മരണത്തെയും ജീവിതത്തെയും അപഗ്രഥിക്കാൻ ഞാനാരുമല്ല എന്ന് എനിക്ക് നന്നായറിയാം. ഇന്നത്തെ എന്റെ മാനസികാവസ്ഥയിൽ ഉരുത്തിരിയുന്ന കാര്യങ്ങൾ ഇവിടെ പകർത്തുക മാത്രമാണ്. ഏകയായിരിക്കുമ്പോൾ ഞാനേറെ ചിന്തിക്കുന്നത് മരണത്തെക്കുറിച്ചുമാത്രം. ജീവിതത്തിന്റെ എല്ലാ മുഖത്തോടും എനിക്ക് ഇപ്പോൾ താൽപര്യം തോന്നാറുമില്ല. സ്നേഹവും ആശ്വാസവും തരുന്ന ഒരാൾ കൂടെ ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാനിപ്പോൾ ആശിക്കുന്നു.'

പാർവതി പവനൻ മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുന്നില്ല. മരണത്തോടെ എല്ലാം അവസാനിക്കുന്നുവെങ്കിൽ ഉറ്റവരുടെ വേർപാട് അസഹ്യംതന്നെ. ഇന്നലെവരെ കൂടെ കഴിഞ്ഞവരെ ഇനിയൊരിക്കലും കാണാൻ കഴിയില്ലെന്ന ചിന്ത ആരെയാണ് അലോസരപ്പെടുത്താതിരിക്കുക? എന്നാൽ ദൈവത്തിലും മരണാനന്തര ജീവിതത്തിലും വിശ്വസിക്കുന്നവർ ഏതു പ്രതിസന്ധിഘട്ടത്തിലും ശാന്തിയും ആശ്വാസവും അനുഭവിക്കുന്നു. കേരളത്തിലെ സാംസ്കാരിക രംഗത്തെ ഇടതുപക്ഷ ഇടപെടലിന്റെ ശക്തനായ വക്താവ് കെ.ഇ.എൻ താൻ ദൈവവിശ്വാസിയല്ലെന്ന് സ്വയം വെളിപ്പെടുത്തിയശേഷം പറയുന്നു: "വിശ്വാസികൾക്ക് വലിയ തോതിൽ മനഃശ്ശാന്തിനേടാൻ സാധിക്കും. ഒരു മരണവീട്ടിൽ ചെന്നാൽ എനിക്ക് മനഃസംഘർഷം വരുന്നു. അപകടമരണം സംഭവിച്ച യുവാക്കളുടെ ബന്ധുക്കളെ എന്തുപറഞ്ഞാണ് ഞാൻ ആശ്വസിപ്പിക്കുക. എന്റെ സുഹൃത്ത് കെ.ടി സൂപ്പിയുടെ കുട്ടി പുഴയിൽ മുങ്ങി മരിച്ചു. പിന്നീട് അദ്ദേഹത്തെ കണ്ടപ്പോൾ എനിക്ക് ആശ്വാസവാക്കുകളൊന്നും പറയാൻ സാധിച്ചില്ല. എന്റെ കുട്ടിയെ എനിക്കിനി സ്വർഗത്തിൽ വെച്ചുകാണാം എന്ന് സൂപ്പി മാഷ് പറയുന്നു. അദ്ദേഹം അങ്ങനെ വിശ്വസിക്കുന്നതിൽ എനിക്കും സന്തോഷമുണ്ട്. എന്റെ മകൻ ഗുരുതരമായ അപകടത്തിൽപെട്ടു. ജീവൻ തിരിച്ചുകിട്ടിയപ്പോൾ എന്റെ സുഹൃത്തുക്കൾ പലരും പറഞ്ഞു; ദൈവം രക്ഷിച്ചതാണെന്ന്. ദൈവമാണ് രക്ഷിച്ചതെങ്കിൽ എനിക്കു വളരെ സന്തോഷം. പലരും എന്റെ മകനുവേണ്ടി പ്രാർഥിച്ചിട്ടുണ്ട്. ജീവിതത്തിലെ പ്രയാസങ്ങളിൽ പലരും ദൈവത്തിൽ അഭയം പ്രാപിക്കുന്നു. അവർ ആശ്വാസം കൈവരിക്കുന്നു. അത്തരം ഒരാശ്വാസം ലഭിക്കുന്നില്ല എന്നതിൽ ചിലപ്പോഴൊക്കെ ഞാൻ ദുഃഖിക്കാറുണ്ട്. ജീവിതത്തിന് ഒരു ക്രമവും ചിട്ടയുമുണ്ടാക്കാൻ ദൈവവിശ്വാസത്തിനു കഴിയും. 'എന്റെ പാൽക്കാരൻ ദൈവവിശ്വാസിയാകുന്നതാണ് എനിക്കിഷ്ടം' എന്ന് വാൾട്ടയർ പറഞ്ഞിട്ടുണ്ട്. അല്ലെങ്കിൽ അയാൾ പാലിൽ വെള്ളം ചേർക്കും" (*ശബാബ്* വാരിക 2006 ജൂലൈ 14).

കെ.ഇ.എൻ തുടരുന്നു: "അന്ധനായ ഒരു വിദ്യാർഥിയോട് സംസാരിച്ചപ്പോൾ കടുത്ത നിരാശാബോധം അവനെ പിടികൂടിയതായി എനിക്കു മനസ്സിലായി. മുസ്‌ലിമായ അവൻ പള്ളിയിൽ പോവാറില്ലെന്നു പറഞ്ഞു. ഞാനവനോട് പള്ളിയിൽ പോയി കൃത്യമായി നമസ്കരിക്കണമെന്നാണ് ഉപദേശിച്ചത്. സ്വയം ബോധത്തിന്റെ ആഴത്തിൽനിന്നുള്ള വിശ്വാസം ജീവിതനിരാശയിൽപെട്ടവർക്ക് വലിയ ആശ്വാസം നൽകും. അർഥവത്തും ആത്മാർഥവുമായിരിക്കണം അതെന്നുമാത്രം. അത്തരത്തിൽ വ്യക്തിയെ സ്വാധീനിക്കാൻ വിശ്വാസത്തിനു സാധിക്കും" (Ibid)

തൃശൂരിൽ വെച്ചുണ്ടായ അനുഭവം. അവിടത്തെ ഒരു വ്യാപാര കുടുംബത്തിലെ അഞ്ച് അംഗങ്ങൾ സേലത്തുവെച്ചുണ്ടായ ഒരു വാഹനാപകടത്തിൽ മരിച്ചു. മരണവീട് സന്ദർശിക്കാൻ ചെന്ന ഞാൻ എന്തെങ്കിലും പറയും മുമ്പേ ഗൃഹനാഥൻ പറഞ്ഞു: 'അല്ലാഹു നൽകിയ കുട്ടികളെ അവൻ തിരിച്ചെടുത്തിരിക്കുന്നു. അവൻ അനുഗ്രഹിച്ചെങ്കിൽ സ്വർഗത്തിൽ വെച്ചു കാണാം. താങ്കളും പ്രാർഥിക്കുമല്ലോ.' തൃശൂരിലെ ഈ വ്യാപാരി അനുഭവിക്കുന്ന മനശ്ശാന്തിയും സ്വസ്ഥതയും പാർവതി പവനൻ ഏറ്റുവാങ്ങുന്ന മാന

സികാവസ്ഥയും രണ്ടു ജീവിതവീക്ഷണങ്ങളുടെ സൃഷ്ടിയാണ്.

### മരണാനന്തരം ശൂന്യതയോ?

നാം ജീവിക്കുന്ന ലോകത്ത് അറുനൂറ് കോടിയിലേറെ മനുഷ്യരുണ്ട്. അവരിലോരോരുത്തരുടെയും തലയിൽ പതിനായിരക്കണക്കിന് മുടിയുണ്ട്. അപ്പോൾ അറുനൂറുകോടി മനുഷ്യരുടെ തലയിൽ എത്ര മുടിയുണ്ടാവും? ആദിമ മനുഷ്യൻ മുതൽ ഇന്നോളമുണ്ടായ ലോകത്തിലെ മുഴുവൻ മനുഷ്യരുടെയും തലയിലോ? അവയിലൊന്നുപോലും നമ്മുടെ ഒരു തലമുടി പോലെയല്ല. രക്തത്തുള്ളികളുടെ സ്ഥിതിയും അതുതന്നെ. ജീവിക്കുന്ന ആയിരത്തിഇരുനൂറ് കോടി കണ്ണുകളിൽനിന്നു മാത്രമല്ല; ഇന്നോളം ലോകമെങ്ങുമുണ്ടായ, ഇനി ഉണ്ടാകാൻ പോകുന്ന മുഴുവൻ മനുഷ്യരുടെയും കണ്ണുകളിൽനിന്ന് നമ്മുടെ കണ്ണുകൾ വ്യത്യസ്തം. കൈവിരലുകളുടെ അവസ്ഥയും അതുതന്നെ. ഇതിന്റെയൊക്കെ പിന്നിലെ ആസൂത്രണവും യുക്തിയും മനുഷ്യന്റെ ഭാവനക്കുപോലും പ്രാപ്യമല്ല. മനുഷ്യന്റെ ജന്മത്തിനു പിന്നിൽ പ്രപഞ്ചത്തിലെ മറ്റെല്ലാറ്റിലുമെന്നപോലെ അസദൃശമായ ആസൂത്രണവും യുക്തിയും ബോധപൂർവമായ ശ്രമവുമുണ്ട്.

എന്നാൽ മറുഭാഗത്ത് തികഞ്ഞ അനീതിയും ക്രൂരമായ വിവേചനവും കാണുന്നു. ജന്മനാ അന്ധനായ മനുഷ്യൻ. സ്വന്തം ശരീരവും മാതാ-പിതാക്കളുടെയും ഭാര്യാ-സന്താനങ്ങളുടെയും ശരീരവും ജീവിതത്തിലൊരിക്കൽ പോലും കാണാൻ അവസരം ലഭിച്ചിട്ടില്ലാത്ത അയാളനുഭവിക്കുന്ന വേദനകൾക്കും വിവേചനങ്ങൾക്കും ഈ ലോകത്ത് എന്ത് പരിഹാരമാണുള്ളത്? ഭൂമിയിൽ കൈയും കാലും ഉള്ളവരും ഇല്ലാത്തവരുമുണ്ട്. കരുത്തരും ദുർബലരുമുണ്ട്. രോഗികളും ആരോഗ്യവാന്മാരുമുണ്ട്. പ്രതിഭാശാലികളും സാമാന്യബുദ്ധികളും മന്ദബുദ്ധികളുമുണ്ട്. ഈ വിവേചനങ്ങൾക്കെല്ലാം ഇവിടെ എന്തു പരിഹാരമാണുള്ളത്? അനീതിക്ക് എവിടെയാണ് അറുതിയുള്ളത്?

ഇവിടെ ഇസ്‌ലാമിന്റെ മറുപടിയല്ലേ കൂടുതൽ യുക്തിഭദ്രം. ഓരോരുത്തർക്കും ലഭ്യമായ സാധ്യതകൾക്കനുസരിച്ചാണ് ബാധ്യത. കണ്ണുള്ളവന്റെ അത്ര ബാധ്യത അതില്ലാത്തവനില്ല. പ്രതിഭാശാലിയുടെ അത്ര ബാധ്യത സാമാന്യബുദ്ധിക്കോ അത്ര മന്ദബുദ്ധിക്കോ ഇല്ല. ഓരോരുത്തരുടെയും സാധ്യതകൾക്കനുസൃതമായ ബാധ്യത നിർവഹിച്ചാൽ മരണശേഷം സ്വർഗജീവിതം. ബാധ്യത നിറവേറ്റുന്നില്ലെങ്കിൽ നരകവും. സ്വർഗം സുഖസൗകര്യങ്ങളുടെയും നരകം പ്രയാസങ്ങളുടെയും ഇടമായിരിക്കുമെന്നല്ലാതെ അവയുടെ അവസ്ഥ എന്തെന്ന് ഇവിടെ വെച്ച് ഗ്രഹിക്കാനാവില്ല. ഏതായാലും ഇവിടെ കർമങ്ങളുടെ ഇടം. കർമഫലം മരണശേഷവും.

നീതി കൊതിക്കാത്തവരുണ്ടാവില്ല. എന്നാൽ ഭൂമിയിൽ ആരെത്ര വിചാരിച്ചാലും പൂർണമായ നീതി പുലരുകയില്ല. അപ്പോൾ സൽക്കർമങ്ങൾ ചെയ്യുന്നവർക്ക് അതിന്റെ സദ്ഫലവും ദുഷ്കർമികൾക്ക് ശിക്ഷയും ലഭിക്കേണ്ടതല്ലേ? അതുണ്ടാവാതിരിക്കുന്നത് ദൈവവിശ്വാസിയല്ലാത്ത കെ.ഇ.എന്നിനെപോലും അസ്വസ്ഥനാക്കുന്നു. അദ്ദേഹം പറയുന്നു: ''തികഞ്ഞ ആത്മാർഥതയോടെ നമ്മൾ ചെയ്ത ഒരു കാര്യം-അത് എല്ലാ അർഥത്തിലും യുക്തമായിട്ടും- ക്രൂശിക്കപ്പെടുമ്പോൾ വല്ലാത്ത മാനസിക സംഘർഷം ഉണ്ടാവാറുണ്ട്. എന്താണതിനു പരിഹാരം? അപരിഹാര്യ പ്രശ്നങ്ങൾക്കുള്ള 'മെഡിസിനാ'ണ് പലപ്പോഴും മതം'' (*ശബാബ്* വാരിക. 14/07/06).

അലി ജാ അലി ഇസ്സത്ത് ബെഗോവിച്ച് ഇതിനെ മറ്റൊരു ഭാഷയിൽ അവതരിപ്പിക്കുന്നു: "തോറ്റമ്പിയ നീതിയുടെ കാഴ്ച. അത് തോറ്റാൽപോലും നമുക്ക് ഹൃദയംഗമമായിത്തീരുന്നു. അത് ഈ ലോകത്തിന്റെ ഒരു വസ്തുതയായി നമുക്കു തോന്നുകയില്ല. ലോകം നൈസർഗികമോ യുക്തിഭദ്രമോ ശാസ്ത്രീയമോ ധൈഷണികമോ മറ്റെന്തെങ്കിലുമൊക്കെയോ ആകട്ടെ; ഈ ലോകത്ത് നീതിയുടെയും സദാചാരത്തിന്റെയും ഭാഗത്ത് നിൽക്കുകയും തോൽക്കുകയും ചെയ്ത ഒരു വീരനായകന്റെ പ്രവൃത്തി എന്തുകാരണങ്ങളാലാണ് ന്യായീകരിക്കാനാവുക? സ്ഥല-കാലങ്ങളിലാണ് ഈ ലോകം നിലനിൽക്കുന്നതെങ്കിൽ, ഈ സ്വഭാവം നീതിയെ കുറിച്ചും അനീതിയെകുറിച്ചും ഉദാസീനമാണെങ്കിൽ വീരനായകന്റെ ത്യാഗം വങ്കത്തമാണ്. നാമത് നിഷ്ഫലമാണെന്ന് കണക്കാക്കുന്നില്ലെങ്കിലോ? അത് ദൈവത്തെക്കുറിച്ചുള്ള വെളിപാടായി മാറുന്നു. അത് ഈ ലോകത്തിന് വിപരീതസ്വഭാവമുള്ള മറ്റൊരു ലോകത്തിന്റെ മാനമായി മാറുന്നു. അത് ഈ ലോകത്തിന്റെ നിയമങ്ങൾക്കും താൽപര്യങ്ങൾക്കും വിരുദ്ധമായതും ആകുന്നു. ഹൃദയം കൊണ്ട് നാം ഈ അസംബന്ധപ്രവർത്തനത്തെ അംഗീകരിക്കുന്നു. അങ്ങനെ ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് നാമറിയുകയില്ല. നാമതിനൊരു വിശദീകരണവും ആവശ്യപ്പെടുന്നില്ല. വിജയമല്ല വീരകർമത്തിന്റെ മഹത്വം. പലപ്പോഴും വീരകർമം നിഷ്ഫലവും അയുക്തവും ആകാറുണ്ടല്ലോ. യുക്തിക്കത് ഒട്ടും നിരക്കുകയുമില്ല. നാടകം ദിവ്യലോകത്തിന്റെ ദീപ്തമായ അംശം മികവോടെ പ്രകടിപ്പിക്കുന്നു. ഇവിടെയാണതിന്റെ ആഗോളവിസ്തൃതവും അജയ്യവുമായ മൂല്യം. ലോകത്തിലുള്ള എല്ലാ ജനങ്ങൾക്കും അത് പ്രസക്തമായിത്തീരുന്നതിന്റെ യുക്തി കുടികൊള്ളുന്നത് ഇവിടെയാകുന്നു. ദുരന്തനായകന്മാർ പരാജിതരല്ലെന്നും വിജയികളാണെന്നും നമുക്കു തോന്നുന്നതുകൊണ്ടാണ് മറ്റൊരു ലോകമുണ്ടെന്നതിന് കൂടുതൽ സാധൂകരണം ലഭിക്കുന്നത്. ദുരന്തനായകന്മാർ വിജയികളോ? എവിടെ ഏതു ലോകത്തിലാണവർ വിജിഗീഷുകളാകുന്നത്? അവർ ശാന്തിയും സ്വന്തം ജീവൻ പോലും നഷ്ടപ്പെട്ടവർ. ഏതു വഴിക്കാണവർ വിജയികളാകുന്നത്? തീർച്ച; അവർ ഈ ലോകത്തിൽ വിജയികളല്ല. അവരുടെ ജീവിതവും വിശിഷ്യാ അവരുടെ ത്യാഗവും നമ്മോട് അതേ ചോദ്യം തന്നെ ചോദിക്കാൻ പ്രേരിപ്പിക്കുന്നു. മനുഷ്യാസ്തിത്വത്തിനു മറ്റൊരർഥമുണ്ടോ? ആപേക്ഷികവും പരിമിതവുമായ ഈ ലോകത്തിൽനിന്ന് വ്യത്യസ്തമായ ഒരർഥമുണ്ടോ? മഹാത്മാക്കളും ധീരന്മാരുമായ ഈ മനുഷ്യർ പരാജയപ്പെട്ടവരായിരുന്നോ?" (*ഇസ്‌ലാം രാജമാർഗം*. പേജ്: 146-147).

മരണം അനിഷേധ്യമായ ഒരു യാഥാർഥ്യമായിരിക്കെ അതെന്താണെന്ന് നമുക്കറിയില്ലെന്ന് പാർവതി പവനൻ പറയുന്നു. ശരിയാണ്, മരണമെന്താണെന്ന് നമുക്കറിയില്ല. ജീവൻ നഷ്ടപ്പെടലാണ് മരണമെന്ന് ഏവർക്കും നല്ല ബോധ്യമുണ്ട്. എന്നാൽ എന്താണ് ജീവൻ? ജൈവശാസ്ത്രകാരന്മാർ, ഭിഷഗ്വരന്മാർ, ഭൗതികശാസ്ത്രജ്ഞന്മാർ എന്നിവരോട് ആന്ദ്രേജോർജ് ഒരേയൊരു ചോദ്യം ഉന്നയിക്കുകയുണ്ടായി. 'എന്താണ് ജീവൻ?' അദ്ദേഹത്തിനു ലഭിച്ച എല്ലാ ഉത്തരങ്ങളും അവ്യക്തങ്ങളും സൂക്ഷ്മതയില്ലാത്തവയുമായിരുന്നു. പിയറിലാപിന്റെയും ജിൻറോ സ്റ്റാണ്ടിന്റെയും ഉത്തരങ്ങൾ മാതൃകകളായി എടുക്കാം. നിഗൂഢത സമ്പൂർണമായും നിലനിൽക്കുന്നു. നമ്മുടെ അറിവില്ലായ്മ ജീവനെക്കുറിച്ചുള്ള എല്ലാ വലിയ വ്യാഖ്യാനങ്ങളെയും നമുക്കവയെക്കുറിച്ചുള്ള സഹജബോധത്തേക്കാൾ അസ്പഷ്ടമാക്കുകയാണ് ചെയ്തത് (പിയറിലാപിൻ). ഇന്നോളം നമുക്കു ജീവൻ എന്താണെന്ന് നിശ്ചയമില്ല. ജീവപ്രതിഭാസത്തെപ്പറ്റി പൂർണവും നിയതവുമായ വ്യാഖ്യാനം പോലും നമുക്കു കണ്ടെത്താൻ കഴിഞ്ഞിട്ടില്ല (ജീൻ റോസ്റ്റാണ്ട്) - Ibid. പേജ്: 56).

നമ്മിലുള്ള ജീവൻ എന്താണെന്നു പോലുമറിയാത്ത നാം, പാർവതി പവനൻ പറയുന്നപോലെ മരിച്ചവരാരും തിരിച്ചു വന്നിട്ടില്ലെന്നതിനാൽ മരണാനന്തര ജീവിതത്തെ തള്ളിപ്പറയേണ്ടതുണ്ടോ? ദിവ്യബോധനമാകുന്ന അറിവിന്റെ ആറാം സ്രോതസ്സിലൂടെ പ്രവാചകന്മാർക്ക് വന്നെത്തിയതും നമ്മുടെ



ബോധനം
ത്രൈമാസിക
ഭൂമിയുടെ രാഷ്ട്രീയം ഇസ്‌ലാമിക ശരീഅത്തിൽ

നീതിബോധത്തെയും അന്വേഷണത്വരയെയും യുക്തിചിന്തയെയും തൃപ്തിപ്പെടുത്തുന്നതുമായ പരലോകവിശ്വാസത്തെ നിഷേധിക്കാൻ എന്തുണ്ട് ന്യായം? ഭൂമിയിൽ ഒരു മഹാവിസ്മയമായി നിലകൊള്ളുന്ന മനുഷ്യന്റെ ജീവിതം തീർത്തും നിരർഥകമായും അനീതിപരമായും ഒടുങ്ങുമെന്ന് കരുതുന്നതിനേക്കാൾ യുക്തിഭദ്രവും ന്യായവും മരണാനന്തരം കർമഫലത്തിലൂടെ നീതി പുലരുന്ന ഒരു ലോകമുണ്ടാകുമെന്ന് വിശ്വസിക്കലല്ലേ? മരണാനന്തര ജീവിതം ഇന്ന് ഭൂമിയിലുള്ളതുപോലെ ആവുകയില്ലെന്നും അങ്ങനെ ആയാൽ നീതി പുലരുകയില്ലെന്നുമിരിക്കെ മരിച്ചവർ ഇവിടേക്ക് തിരിച്ചുവരുന്നത് കാണുന്നില്ലെന്നത് പരലോക നിഷേധത്തിന് നിമിത്തമാകാമോ?

ദൈവത്തിലും മരണാനന്തര ജീവിതത്തിലുമുള്ള വിശ്വാസത്തിന്റെ നിഷേധം 'യുക്തിവാദ'ത്തിന്റെ സിരാകേന്ദ്രത്തിൽ ജീവിതം ഹോമിച്ച പാർവതി പവനനു പോലും ആശയക്കുഴപ്പവും ആകുലതകളുമാണ് സമ്മാനിച്ചതെങ്കിൽ മനശ്ശാന്തിയും ജീവിതത്തിന് ദിശാബോധവും നൽകുന്നതിൽ വിസ്മയകരമായ വിജയം വരിക്കുന്ന വിശ്വാസത്തെ നിരാകരിക്കാൻ നാമെന്തിനു മുതിരണം? 'വാനലോകത്തുനിന്ന് ഒഴുകിവരുന്ന തെന്നലാണ് ശാന്തി. ജനങ്ങൾ ചഞ്ചലമനസ്കരാകുമ്പോൾ വിശ്വാസികൾ ദൃഢചിത്തരാകാൻ, ജനങ്ങൾ സംശയിക്കുമ്പോൾ വിശ്വാസികളിൽ ദാർഢ്യം പകരാൻ, ജനങ്ങൾ വെപ്രാളം കാണിക്കുമ്പോൾ വിശ്വാസികൾക്ക് സഹനശക്തിയരുളാൻ, ജനങ്ങൾ അതിക്രമം കാണിക്കുമ്പോൾ വിശ്വാസികൾ സഹിഷ്ണുത പാലിക്കാൻ ദൈവം വിശ്വാസികളിലേക്ക് മനശ്ശാന്തിയുടെ ഇളം തെന്നലയക്കുന്നു' (ഡോക്ടർ യൂസുഫുൽ ഖർദാവി - *വിശ്വാസവും ജീവിതവും*, പേജ്: 89). ■